10091
7/6/19

കേരള സർക്കാർ

സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തൃശ്ശൂർ ജില്ലയിൽ പാർളിക്കാട്, പുഴുരുത്തി, കോട്ടംകുന്നത്ത് കോളനിയിൽ താമസിച്ചിരുന്ന പരേതരായ സുരേന്ദ്രന്റേയും ഗിരിജയുടെയും മക്കളായ ഗീതു, സുജീഷ് എന്നിവർക്ക് ഓരോ ലക്ഷം രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================

## റവന്യൂ (ഡി.ആർ.എഫ്. -സി) വകുപ്പ്

സ.ഉ. (ആർ.ടി.) നമ്പർ : 1421/2019/റവ. തിരുവനന്തപുരം, തീയതി, 03.06.2019.

==========================================

പരാമർശം:- 29.11.2018-ലെ തൃശ്ശൂർ ജില്ലാകളക്ടറുടെ കെ3/6387/2018 നമ്പർ കത്ത്.

## ഉത്തരവ്

തൃശ്ശൂർ ജില്ലയിൽ പാർളിക്കാട്, പുഴുരുത്തി, കോട്ടംകുന്നത്ത് കോളനിയിൽ താമസിച്ചിരുന്ന പാറേക്കാട്ടിൽപടി വീട്ടിൽ സുരേന്ദ്രനും ഭാര്യ ഗിരിജിയും മരണപ്പെട്ടതിനെ തുടർന്ന് അനാഥരായ അവരുടെ മക്കൾ ഗീതു, സുജീഷ് എന്നിവർ ഗിരിജയുടെ അമ്മ കാളിയുടേയും ഗിരിജയുടെ സഹോദരൻ തൃശ്ശൂർ തലപ്പള്ളി, മുള്ളൂർക്കര മണ്ഡലം കുന്നത്ത് വീട്ടിൽ ശ്രീ. ഹരിദാസന്റേയും സംരക്ഷണയിലാണ് കഴിഞ്ഞുവരുന്നത്. അനാഥരായ കുട്ടികൾക്ക്, ഒരു പ്രത്യേക കേസായി പരിഗണിച്ച്, രണ്ടു കുട്ടികൾക്കും ഓരോ ലക്ഷം രൂപാ വീതം (ആകെ രണ്ട് ലക്ഷം രൂപ) കുട്ടികളുടെ പേരിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു.

2. വിതരണത്തിനാവശ്യമായിവരുന്ന തുകയായ 2,00,000/- (രണ്ട് ലക്ഷം രൂപ മാത്രം) *"2075-00-800-40 Contribution to Chief Minister's Distress Relief Fund(NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും തൃശ്ശൂർ ജില്ലാ കളക്ടർക്ക് നൽകേണ്ടതും ജില്ലാ കളക്ടർ തുക കുട്ടികളുടെ പേരിൽ സ്ഥിര നിക്ഷേപം നടത്തി സ്വീകരിച്ച നടപടി ഒരാഴ്ചയ്ക്കകം സർക്കാരിനെ അറിയിക്കേണ്ടതുമാണ്. കുട്ടികൾക്ക് പ്രായപൂർത്തിയാകുന്ന മുറയ്ക്ക് ആവശ്യമെങ്കിൽ അവർക്ക് തുക പിൻവലിക്കാവുന്നതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ.,
ജോയിന്റ് സെക്രട്ടറി.

ജില്ലാ കളക്ടർ, തൃശ്ശൂർ
തഹസിൽദാർ, തലപ്പള്ളി
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ ഫണ്ട്സ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindumol K.N

സെക്ഷൻ ഓഫീസർ.